**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 402/ഇഎം1/2010/തസ്വഭവ                    തിരുവനന്തപുരം, തീയതി: 20/01/2010.

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - സ്വാതന്ത്ര്യ സമര സേനാനികളെ ആദരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടി ജീവൻ പോലും ബലിയർപ്പിക്കാൻ സന്നദ്ധരായ സ്വാതന്ത്ര്യ സമര സേനാനികൾ എക്കാലവും ആദരണീയരാണ്. സമൂഹത്തിന് എന്നും മാതൃകയാകുന്ന മഹത് വ്യക്തികളായ സ്വാതന്ത്ര്യ സമര സേനാനികൾ എല്ലാനിലയിലും ബഹുമാനം അർഹിക്കുന്നവരും പുതുതലമുറയ്ക്ക് പ്രചോദനം ഏകുന്നവരുമാണ്. ആയതിനാൽ ഇവർ അധിവസിക്കുന്ന പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവരെ ആദരിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതും സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ ടി വ്യക്തികളുടെ അനുഭവജ്ഞാനം പുതുതലമുറയ്ക്ക് മാതൃകയാക്കി മാറ്റിയെടുക്കാൻ ഉതകുംവിധം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ പൊതു പരിപാടികളിൽ അതാതു പ്രദേശത്തെ സ്വാതന്ത്ര്യ സമര സേനാനികളെ പ്രത്യേകം ക്ഷണിതാക്കളായി പരിഗണിക്കേണ്ടതും, ഇത്തരത്തിലുള്ള ചടങ്ങുകളിലൂടെ അവരുടെ അനുഭവ സമ്പത്ത് പങ്കുവയ്ക്കുവാൻ അവസരം ഒരുക്കേണ്ടതുമാണ്. കൂടാതെ പ്രദേശവാസികളായ സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകളിൽ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത് അവരെ ആദരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

**എസ്.എം. വിജയാനന്ദ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ